# പാഠം 9
# പുതിയ നിയമ സഭയിലെ ശുശ്രൂഷ

**വായിക്കുക:** അ.പ്ര. 2:42-47; 4:32-37; മത്താ. 25:38,40; അ.പ്ര. 9:36; 2 കൊരി. 8:7-15; റോമർ 12; യാക്കോ. 2:1-9.

**മനഃപാഠവാക്യം:** പിതാവായ ദൈവത്തിന്റെ മുമ്പാകെ ശുദ്ധവും നിർമ്മലവുമായുള്ള ഭക്തിയോ: അനാഥരെയും വിധവമാരെയും അവരുടെ സങ്കടത്തിൽ ചെന്നു കാണുന്നതും ലോകത്താലുള്ള കളങ്കം പറ്റാത്തവണ്ണം തന്നെത്താൻ കാത്തുകൊള്ളുന്നതും ആകുന്നു" (യാക്കോബ് 1:27).

"മഹത്തായ നിയോഗം" എന്നറിയപ്പെടുന്ന വാക്യങ്ങൾ (മത്തായി 28:18-20), ക്രിസ്ത്യാനികൾ ബൈബിളിലെ ഏറ്റവും നല്ലതെന്നു കരുതുന്ന വാക്യങ്ങളുടെ കൂട്ടത്തിൽ ഉള്ളവയാണ്. ഈ വാക്യങ്ങൾ പലപ്പോഴും നമ്മുടെ "ദൗത്യപ്രസ്താവന" എന്നു വിവരിക്കപ്പെടുന്നു. എല്ലാവിധ ദൗത്യ, സുവിശേഷീകരണ പദ്ധതികൾക്കും അവ ആത്മപ്രചോദനം ആയിരിക്കുകയും ചെയ്യുന്നു. തീർച്ചയായും, ഈ വചനങ്ങളാൽ പ്രേരിതരായാണു ക്രിസ്ത്യാനികൾ, ചിലപ്പോൾ വ്യക്തിപരമായ വലിയ നഷ്ടത്തിൽപോലും ലോകമെങ്ങും സുവിശേഷം പ്രചരിപ്പിക്കുവാൻ പോയത്.

യേശു എന്താണു ഈ വലിയ നിയോഗത്തിൽ പറഞ്ഞത്? ശിഷ്യന്മാരാക്കുക, സ്നാനപ്പെടുത്തുക, "ഞാൻ നിങ്ങളോടു കല്പിച്ചതൊക്കെ പ്രമാണിക്കുവാൻ" ഉപദേശിക്കുക (മത്തായി 28:20). നാം കണ്ടതുപോലെ, യേശു നമ്മോടു കല്പിച്ചതിൽ അധികവും ദരിദ്രരെയും വേദനിക്കുന്നവരെയും സ്വയം പരിചരിക്കുവാൻ കഴിയാത്തവരെയും സംബന്ധിക്കുന്നവയാണ്. അങ്ങനെ യേശുവിന്റെ ആദ്യശിഷ്യന്മാർക്കും ഈ നിർദ്ദേശങ്ങൾ ഒരു പുതിയ ജോലി നിയോഗം ആയിരുന്നില്ല, അവർ കാണാത്തതും കേൾക്കാത്തതും ഒന്നും ആയിരുന്നില്ല, യേശു അവരുടെ ഇടയിൽ ചെയ്തുകൊണ്ടിരുന്ന ദൗത്യത്തിന്റെ തുടർച്ച തന്നെ ആയിരുന്നു എന്നു നാം ഓർക്കണം. യേശുവിന്റെ ഉപദേശത്തിന്റെ ഈ ഭാഗം പുതിയ സഭാസമൂഹത്തിന്റെ ജീവിതങ്ങളിൽ മഹത്തായ നിയോഗ നിവൃർത്തിയുടെ ഭാഗമായി നമുക്കു വ്യക്തമായി കാണാവുന്നതാണ്.

# ഒരു പുതിയതരം സമൂഹം

യേശുവിന്റെ സ്വർഗ്ഗാരോഹണത്തിനും പെന്തെക്കോസ്തിലെ പരിശുദ്ധാത്മാവിന്റെ ആഗമനത്തിനും ശേഷം വിശ്വാസികളുടെ കൂട്ടം അതിവേഗം വളർന്നു, ആദിമസഭ ഉളവായി. അതു തുടക്കത്തിൽ ശിഷ്യന്മാരാൽ നയിക്കപ്പെട്ടു. യേശുവിന്റെ അനുയായികളുടെ ഇടയിൽ ഒരു പുതിയ തരം സമൂഹം ആയിത്തീർന്നു. ഈ പുതിയ സമൂഹം, എന്തായാലും, അവരുടെ ഇടയിൽ കേവലം അവർ തന്നെ രൂപപ്പെടുത്തിയത് ആയിരുന്നില്ല. അതു യേശുവിന്റെ ഉപദേശങ്ങളുടെയും ശുശ്രൂഷയുടെയും മേൽ പണിയപ്പെട്ടതും, എബ്രായ തിരുവെഴുത്തുകളുടെയും പ്രവാചകന്മാരുടെയും നീണ്ട ചരിത്രത്തിന്റെ പിന്തുടർച്ചയും ആയിരുന്നു.

**അ.പ്ര. 2:42–47; 4:32–37 വായിക്കുക. ആദിമക്രിസ്തീയ സമൂഹത്തിന്റെ ഈ വിവരണങ്ങളിൽ സുപ്രധാന മൂലകങ്ങളായി നിങ്ങൾ തിരിച്ചറിയുന്നതു എന്താണ്?**

നീതിയുക്തവും ഉദാര മനസ്സുള്ളതുമായ ഒരു സമൂഹത്തിനായുള്ള രൂപരേഖയ്ക്കൊത്തു ജീവിക്കുവാൻ യിസ്രായേൽ പരാജയപ്പെട്ടതായി കാണപ്പെട്ടിടത്തു, "ദരിദ്രർ നിങ്ങളുടെ ഇടയിൽ ഉണ്ടായിരിക്കയില്ല" (ആവ. 15:4) എന്ന നിർദ്ദേശം ആദിമസഭാ സമൂഹം ഗൗരവമായി കണക്കിലെടുത്തു. അവരുടെ വിശ്വാസത്തിന്റെ പ്രായോഗിക പ്രകടനമായി അവരുടെ ഭൗതിക വരുമാനം അവർ പങ്കിട്ടു. അവരുടെ നിലങ്ങൾ വിറ്റും സംഭാവനകൾകൊണ്ടും അവർ ധനം സ്വരൂപിച്ചു (അ.പ്ര. 4:34; 5:2). സഹവിശ്വാസികളുടെയും, പ്രത്യേകിച്ചു രോഗസൗഖ്യശുശ്രൂഷകൾ നിമിത്തം വർദ്ധിച്ചുവന്ന സമൂഹത്തിനു പുറത്തുള്ളവർക്കുപോലും അനുഗ്രഹം ആയിരിക്കുവാൻ അവർ സന്മനസ്സോടെ പങ്കിട്ടു (അ.പ്ര. 3:1–11; 5:12–16).

എന്തായാലും ഈ സമൂഹത്തെ ഒരു സാങ്കല്പിക, ആദർശപരമായ ഒന്നായി മാത്രം യാതൊരു വിധത്തിലും ചിന്തിക്കുവാൻ ആകില്ല. വിശ്വാസികളുടെ എണ്ണം വർദ്ധിച്ചുവന്നതോടെ, വരുമാനം കൈകാര്യം ചെയ്യുന്നതിൽ പിരിമുറുക്കം ഏറി, വിധവമാർക്കു ഭക്ഷണം ദിവസേന വിതരണം ചെയ്യുന്ന കാര്യത്തിൽ പ്രത്യേകിച്ചും (അ.പ്ര. 6:1). ശിഷ്യന്മാർ ആകട്ടെ, സംഘത്തിന്റെ സ്വാഭാവിക നായകന്മാർ എന്ന നിലയിൽ, സുവിശേഷം പ്രസംഗിക്കുന്നതിൽ അവർ പ്രത്യേകം ശ്രദ്ധിക്കേണ്ടിയിരുന്നു. നിലവിലിരുന്ന സ്ഥിതിഗതികളെ കൈകാര്യം ചെയ്യുവാൻ ഒരു പുനഃക്രമീകരണം അവർക്കു ആവശ്യമായി വന്നു.

സഭാസമൂഹത്തിന്റെ പ്രവൃത്തിപരമായ കാര്യങ്ങൾ നിർവ്വഹിക്കുവാൻ, അങ്ങനെ, ഏഴു പേർ നിയോഗിക്കപ്പെട്ടു. വിവിധങ്ങളായ ശുശ്രൂഷകളെയും സഭയിൽ ഉപയോഗിക്കേണ്ട കഴിവുകളെയും ഒരുപക്ഷേ ആദ്യമായി തിരിച്ചറിഞ്ഞതു ഇതായിരിക്കാം. അതേ സമയം, സഭയുടെ ജീവിതത്തിനും സാക്ഷീകരണത്തിനും ആവശ്യമായ പ്രവൃത്തിപരമായ ശുശ്രൂഷയുടെ പ്രാധാന്യം ഇതു പ്രകടമാക്കി. "മോശെയുടെയും ദാവീദിന്റെയും കാലങ്ങളിൽ ദൈവജനത്തിന്റെ നായകന്മാരെ വഴികാണിക്കേണ്ടിയിരുന്ന ഭക്തിയുടെയും നീതിയുടെയും അതേ തത്വങ്ങൾ തന്നേ ആയിരുന്നു, പുതുതായി രൂപംകൊണ്ട ദൈവസഭയുടെ സുവിശേഷദൗത്യ നിർവ്വഹണത്തിന്റെ മേൽനോട്ടം ഏല്പിക്കപ്പെട്ടവരെയും നിയന്ത്രിക്കേണ്ടിയിരുന്നത്"- The Acts of the Apostles, P.95.

**ആദിമസമൂഹത്തിൽ ഇതു എങ്ങനെ ആയിരുന്നു എന്നു ചിന്തിച്ചു നോക്കുക. അതേ തത്വങ്ങളെ നമുക്കു ഇന്നും എങ്ങനെ പ്രതിഫലിപ്പിക്കാൻ കഴിയും?**

**തിങ്കൾ** **ഓഗസ്റ്റ് 26**

# ദോർക്കാസിന്റെ ശുശ്രൂഷയും സാക്ഷീകരണവും

യേശു നേരത്തെ പ്രസ്താവിച്ചിരുന്നതുപോലെ, "യെരൂശലേമിലും യെഹൂദ്യയിലും ശമര്യയിലും എല്ലായിടവും ഭൂമിയുടെ അകറ്റത്തോളവും" സഭ പ്രചരിക്കുവാൻ തുടങ്ങിയപ്പോൾ (അ.പ്ര. 1:8), പുതിയ വിശ്വാസികൾ യേശുവിന്റെ വിശ്വാസവും ശുശ്രൂഷയും ഉയർത്തിപ്പിടിച്ചു. ഇവരുടെ ഇടയിലെ ഒരാൾ ആയിരുന്നു. തബീഥാ എന്നുകൂടി അറിയപ്പെട്ടിരുന്ന യോപ്പാ നഗരത്തിലെ ദോർക്കാസ്. നഗ്നരെ ഉടുപ്പിക്കുമ്പോൾ അതു യേശുവിനു തന്നെയാണു ചെയ്യുന്നതെന്ന യേശുവിന്റെ പ്രത്യേക നിർദ്ദേശം (മത്തായി 25:38,40) അവൾ ഗൗരവമായി കണക്കിലെടുത്തു.

**ദോർക്കാസിനെയും അവളുടെ ശുശ്രൂഷകളെയും സംബന്ധിച്ച വിവരണം അപ്പൊ. പ്രവൃത്തി 9:36 ൽ വായിക്കുക. നിങ്ങളുടെ ജീവിതവും ശുശ്രൂഷയും ഈ വാകൃത്തിന്റെ ഘടനയ്ക്കൊത്തു എങ്ങനെ വിവരിക്കപ്പെട്ടേക്കാം? എങ്ങനെ വിവരിക്കപ്പെടുവാനാണു നിങ്ങൾ ഇഷ്ടപ്പെടുന്നത്?**

ദോർക്കാസിന്റെ ശുശ്രൂഷ, അവൾ ഒരു "ശിഷ്യ" എന്നു വിവരിക്കപ്പെടുവാൻ തക്കതായി കാണപ്പെടുന്നു (അ.പ്ര. 9:36). അവളുടെ വിശ്വസ്തതയും ഊർജ്ജസ്വലതയും മറ്റുള്ളവരുടെ മേലുള്ള ശ്രദ്ധയും അവളുടെ ഗൃഹപട്ടണത്തിനു പുറത്തും തിരിച്ചറിയപ്പെട്ടിരുന്നു.

പത്രൊസ് സമീപത്തെ ലുദ്ദ പട്ടണം സന്ദർശിക്കുക ആയിരുന്നു. യോപ്പയിലെ ആളുകൾ ദോർക്കാസിന്റെ അകാല നിര്യാണത്തോടനുബന്ധിച്ചു വരണമെന്നു പത്രൊസിനോടു ആവശ്യപ്പെട്ടു (അ.പ്ര. 9:37–41). പത്രൊസ് യോപ്പയിൽ എത്തിയപ്പോൾ, സാധുക്കളായവർക്കുവേണ്ടിയുള്ള ദോർക്കാസിന്റെ പ്രവർത്തനങ്ങളിലൂടെ സഹായം ലഭിച്ച ധാരാളം ആളുകളെ പത്രൊസ് കണ്ടുമുട്ടി. അവൾ ഉണ്ടാക്കിയ വസ്ത്രങ്ങൾ അവർ പത്രൊസിനെ കാണിച്ചു. അവൾ അവരെയും മറ്റുള്ളവരെയും സഹായിച്ചതിന്റെ ധാരാളം കഥകൾ നിസ്സംശയം അവർ പറഞ്ഞിട്ടുണ്ടാകും.

പത്രൊസ് ദോർക്കാസിനുവേണ്ടി പ്രാർത്ഥിച്ചു; ദൈവം അവൾക്കു ജീവൻ തിരികെ നൽകി. മറ്റുള്ളവർക്കുവേണ്ടി പ്രവർത്തിക്കുന്നതിനു ജീവിതം സമർപ്പിക്കുന്ന എല്ലാവർക്കും ജീവിതം എപ്പോഴും നല്ലതായിരിക്കും എന്നതിനു തീർച്ചയായും ഇതു ഉറപ്പല്ല. സർവ്വോപരി, ദോർക്കാസ് രോഗം ബാധിച്ചു മരിച്ചു; സഭയിലെ വിധവമാരുടെ സംരക്ഷണയ്ക്കായി നിയോഗിക്കപ്പെട്ട ആദ്യഡീക്കന്മാരിൽ ഒരാളായിരുന്ന സ്തെഫാനോസ്, ആദ്യത്തെ രക്തസാക്ഷിയും ആയിത്തീർന്നു (അ.പ്ര. 7:54–60 കാണുക). സേവനത്തിന്റെ ജീവിതം ഒരു സുഖവഴി ആയിരിക്കില്ല; ചിലപ്പോൾ അതു അധികം പരുക്കനായ വഴിയായിമാറാം.

എന്തായാലും, ഈ കഥയിൽ, ദോർക്കാസിന്റെ ജീവിതത്തിലെയും മരണത്തിലെയും ദൈവത്തിന്റെ സ്നേഹത്തെയും ശക്തിയെയും സംബന്ധിച്ച തിരിച്ചറിവിനെ യോപ്പയിലെ ജനങ്ങളിൽ ശക്തമായ ഒരു ബോദ്ധ്യം ഉണ്ടാക്കുന്നതിനു ദൈവം ഉപയോഗിച്ചു: "ഇതു യോപ്പയിൽ എങ്ങും പ്രസിദ്ധമായി, പലരും കർത്താവിൽ വിശ്വസിച്ചു" (അ.പ്ര. 9:42).

**നിങ്ങൾ നീങ്ങിപ്പോകുകയാണെങ്കിൽ, ദോർക്കാസിനെ ഓർമ്മിക്കുകയും വിലപിക്കുകയും ചെയ്തതുപോലെ നിങ്ങളുടെ സംഭാവനയിൽ ആളുകൾ ദുഃഖിക്കുകയും അവർക്കു നഷ്ടബോധം തോന്നുകയും ചെയ്യുമോ? സേവനത്തിന്റെ നല്ല ഒരു പൈതൃകം ശേഷിപ്പിക്കുവാൻ നമുക്കു എങ്ങനെ കഴിയും? ദോർക്കാസിനെപ്പോലെ സേവനത്തിനു ഉപയോഗപ്പെടുത്തുവാൻ എന്തു പ്രായോഗിക വൈദഗ്ധ്യം ആണു നിങ്ങൾക്കുള്ളത്?**

**ചൊവ്വ** **ഓഗസ്റ്റ് 27**

## പങ്കുവയ്ക്കുന്നതിന്റെ മാർഗ്ഗമായി കൊടുക്കുക

തന്റെ മാനസാന്തരത്തിനുശേഷം, അപ്പൊസ്തലനായ പൗലൊസ് പുറജാതി ലോകത്തിനു സുവിശേഷം എത്തിക്കുന്നതിനുള്ള ദൗത്യം ഏറ്റെടുത്തു.

ദൈവം അവനു കൊടുത്ത വിജയം, വളർന്നുവരുന്ന ക്രിസ്തീയ വിശ്വാസത്തിന്റെ യെഹൂദ്യവേരുകളും, യേശുവിന്റെ പുറജാതി അനുയായികളും തമ്മിലുള്ള ബന്ധത്തിന്മേൽ പല സുപ്രധാനമായ ചോദ്യങ്ങളും ഉയർത്തി. ഈ സങ്കീർണ്ണമായ ചോദ്യങ്ങളുടെ ബന്ധത്തിൽ കാര്യങ്ങൾ വിശകലനം ചെയ്യുന്നതിനും ദൈവത്തിന്റെ ആലോചന തേടുന്നതിനുംവേണ്ടി യെഹൂദ്യരും ജാതികളും അടങ്ങിയ ക്രിസ്തീയ നേതാക്കളുടെ ഒരു ആലോചനാസമിതി യെരൂശലേമിൽ സമ്മേളിച്ചു. ആ സമ്മേളനകാര്യങ്ങളും അനന്തരഫലങ്ങളും അ.പ്രവൃത്തി 15 ൽ രേഖപ്പെടുത്തിയിരിക്കുന്നു.

പൗലൊസിന്റെ വിവരാവതരണത്തിൽ (ഗലാത്യർ 2), ജാതികളുടെ ഇടയിൽ തന്റെ ശുശ്രൂഷ തുടരുന്നതിനു യെരൂശലേം ആലോചനാസമിതിയിൽനിന്നു തനിക്കു ലഭിച്ച നിർദ്ദേശങ്ങളോടു അദ്ദേഹം ഒരു സുപ്രധാന ഘടകം കൂട്ടിച്ചേർത്തു: “ദരിദ്രരെ ഞങ്ങൾ ഓർത്തുകൊള്ളേണം എന്നു മാത്രം അവർ പറഞ്ഞു; അങ്ങനെ ചെയ്‌വാൻ ഞാൻ ഉത്സാഹിച്ചുമിരിക്കുന്നു” (ഗലാ. 2:9,10).

പൗലൊസ് വ്യക്തിപരമായും ജീവിതത്തിലുടനീളവും ഈ ലക്ഷ്യം കേന്ദ്രീകരിച്ചു തുടരെ പ്രയത്നിച്ചു (ഉദാഹരണം, അ.പ്ര. 20:35 ൽ കാണുക). യെരൂശലേമിലെ ആദിമസഭയിൽ എന്നപോലെ, എല്ലാ വിശ്വാസികളെയും ഉൾക്കൊള്ളുവാൻ തക്കവണ്ണം ക്രിസ്തീയസമൂഹത്തിന്റെ ദർശനത്തെ അത് വികസിതമാക്കി.

**2 കൊരിന്ത്യർ 8:7–15 വായിക്കുക. സുവിശേഷത്തെയും ഉദാരമായി നൽകുന്നതിനെയും പൗലൊസ് എങ്ങനെ കൂട്ടിയോജിപ്പിക്കുന്നു?**

ഉദാരതയും വിഷമകരമായ സാഹചര്യങ്ങളിൽ കൂട്ടുവിശ്വാസികളെ കരുതുന്നതും നിർബ്ബന്ധിതമാക്കുവാൻ പൗലൊസ് രണ്ടു പഴയനിയമ ഭാഗങ്ങളെ ഉപയോഗപ്പെടുത്തി. ദൈവം സമൃദ്ധമായി മന്നാ നൽകിയതിന്റെ കഥ പൗലൊസ് എടുത്തു പറഞ്ഞു. വിശാലമായ സഭാസമൂഹത്തിൽ കൊടുക്കുന്നതിന്റെയും പങ്കിടുന്നതിന്റെയും നല്ല മാതൃക ആയാണു ഇതു എടുത്തു കാട്ടിയത് (2 കൊരി. 8:15). അദ്ദേഹം സങ്കീർത്തനം 112:9 ഉദ്ധരിച്ചു: “അവൻ വാരി വിതറി ദരിദ്രന്മാർക്കു കൊടുക്കുന്നു; അവന്റെ നീതി എന്നേക്കും നിലനിൽക്കുന്നു” (2 കൊരി. 9:9). കൊടുക്കുന്നതിനു ഉദ്ദേശ്യം ഉള്ളവർ ആയിരിക്കുവാൻ പൗലൊസ് തന്റെ വായനക്കാരെ നിഷ്കർഷിക്കുന്നു. അതിനായി തങ്ങളുടെ വരുമാനത്തിന്റെ ഒരു ഭാഗം പതിവായി നീക്കി വയ്ക്കുവാനും അങ്ങനെ ചെയ്താൽ, താനോ തീത്തൊസോ എത്തുമ്പോൾ അവയെ ശേഖരിച്ചു യെരൂശലേമിലെ ദരിദ്രരായ ക്രിസ്ത്യാനികൾക്കു നൽകുവാൻ എളുപ്പമാകുമെന്നു പൗലൊസ് നിർദ്ദേശിച്ചു. ഒരു സഭയുടെ ഉദാരതയുടെ മാതൃകയെ മറ്റു സഭകൾക്കു പ്രോത്സാഹനമായും പൗലൊസ് ഉപയോഗിച്ചു. “ഈ സഹാ

യത്താൽ തെളിയുന്ന സിദ്ധത നിമിത്തം," പൗലൊസ് എഴുതി: "ക്രിസ്തുവിന്റെ സുവിശേഷത്തിനു നിങ്ങൾ സ്വീകരിച്ച അനുസരണം നിമിത്തവും അവരോടും എല്ലാവരോടും നിങ്ങൾ കാണിക്കുന്ന കൂട്ടായ്മയുടെ ഔദാര്യം നിമിത്തവും അവർ ദൈവത്തെ മഹത്വപ്പെടുത്തും" (2 കൊരി. 9:13).

**നമുക്കു മുമ്പിൽ വരുന്ന എല്ലാ കാരണങ്ങൾക്കും ആവശ്യങ്ങൾക്കും കൊടുക്കുവാൻ കഴിയാതെ വരുമ്പോൾ കൊടുക്കുന്നതിനു നമ്മൾ എങ്ങനെ മുൻഗണന വയ്ക്കണം?**

**ബുധൻ** **ഓഗസ്റ്റ് 28**

## നന്നായി ജീവിക്കുന്നതിനും സ്നേഹിക്കുന്നതിനും പൗലൊസിന്റെ വഴികാട്ടി

ക്രിസ്തുവിന്റെ മരണത്തിലെ വിശ്വാസത്താലുള്ള രക്ഷയുടെ അതിമഹത്തായ വിശ്വാസതത്വത്തിന്റെ ആഴത്തിലുള്ള വിശദീകരണത്തിനു പൗലൊസ് റോമർക്കു എഴുതിയ ലേഖനം പ്രശസ്തമാണ്. പതിനൊന്നു അദ്ധ്യായങ്ങൾ കഴിയുമ്പോൾ പക്ഷേ ഊന്നലിനു വ്യത്യാസം ഉണ്ട്. നന്നായി ജീവിക്കുന്നതിനും സ്നേഹിക്കുന്നതിനും പൗലൊസ് പ്രാവർത്തിക വഴികാട്ടിയെ പറഞ്ഞുതരുന്നു. യേശുവിലും സുവിശേഷകഥയിലും വെളിപ്പെട്ടിരിക്കുന്ന ദൈവകൃപയെയും സ്നേഹത്തെയും അധികരിച്ചുള്ളതാണു അത്: "സഹോദരന്മാരേ, ഞാൻ ദൈവത്തിന്റെ മനസ്സലിവ് ഓർപ്പിച്ചു നിങ്ങളെ പ്രബോധിപ്പിക്കുന്നതു: "നിങ്ങൾ ബുദ്ധിയുള്ള ആരാധനയായി നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിനു പ്രസാദവുമുള്ള യാഗവുമായി സമർപ്പിപ്പിൻ" (റോമർ 12:1). ഫലത്തിൽ, ദൈവം യേശുവിൽ നമുക്കു വേണ്ടി ചെയ്തിരിക്കുന്നതു നിമിത്തം ഇങ്ങനെയാണു നാം ജീവിക്കേണ്ടത് എന്നാണു പൗലൊസ് പറയുന്നത്.

**റോമർ 12 വായിച്ചു ചുരുക്കിപ്പറയുക. ആവശ്യത്തിലിരിക്കുന്നവരെ വിശേഷാൽ ചിന്തിച്ചുകൊണ്ടു, സ്നേഹിക്കുവാനും കരുതുവാനുമുള്ള നിർദ്ദേശങ്ങളെ പ്രത്യേകിച്ചു ശ്രദ്ധിക്കുക.**

പൗലൊസ് തന്റെ പല ലേഖനങ്ങളിലും കൂടുതൽ വിശദമായ ശ്രദ്ധ നൽകിയ വിഷയങ്ങളുടെ ഒരു രത്നച്ചുരുക്കമാണു റോമർ 12. സഭയ്ക്കുള്ളിലെ പല കർത്തവ്യങ്ങളെയും വരങ്ങളെയും സംബന്ധിച്ചു അദ്ദേഹം പ്രതിപാദിക്കുന്നു. മറ്റുള്ളവരെ സേവിക്കുന്നതും പ്രോത്സാഹിപ്പിക്കുന്നതും ഉദാരമായി കൊടുക്കുന്നതും അതിൽ ഉൾപ്പെടുന്നു (വാ. 3-8). ഇവ ചെയ്യപ്പെടുക മാത്രമല്ല, നന്നായി ചെയ്യപ്പെടണം - ഉത്സാഹത്തോടെ, അതിനു മീതെ സ്നേഹത്തോടെ (വാ. 9-11).

ഇത്തരം ജീവിതം എങ്ങനെ ഉള്ളതെന്നു പൗലൊസ് പ്രായോഗിക വിധത്തിൽ വിശദീകരിക്കുന്നു. പ്രയാസങ്ങളിലും ഉപദ്രവങ്ങളിലും സഹിഷ്ണുതയോടെ ആയിരിക്കുവാൻ പൗലൊസ് നിഷ്കർഷിക്കുന്നു. മുൻപു കണ്ടതുപോലെ, സാധുക്കളെ പരിരക്ഷിക്കുവാനും, എവിടെയും എപ്പോഴും സാധ്യമായതുപോലെ സമാധാനം ഉണ്ടാക്കുന്നവർ ആകണം. തിന്മയോടും അന്യായത്തോടും, ദയയോടെ പ്രതികരിക്കുന്നതിനും, നന്മചെയ്തുകൊണ്ടു തിന്മയെ ജയിക്കുന്നതിനും കഴിയണം (റോമർ 12:20,21).

ദൈവം വ്യക്തിപരമായും വിശ്വാസ സമൂഹത്തിന്റെ ഭാഗമായും സേവിച്ചുകൊണ്ടു ഒരു പുതിയ വ്യക്തിയായി ജീവിക്കുന്നതിന്റെ അർത്ഥം എന്താണെന്നു ഈ അദ്ധ്യായം വിഭാവന ചെയ്യുന്നു. യേശുവിന്റെ ഈ പുതിയ അനുയായികളുടെ ജീവിതങ്ങളിലും മുൻഗണനകളിലും ക്രിയകളിലും മാറ്റം വേണമെന്നു പൗലൊസ് അവരോടു പറഞ്ഞു. യേശുവിന്റെ ക്രൂശിലെ മരണത്തിലൂടെ അവർക്കുവേണ്ടി ചെയ്തതിനോടുള്ള പ്രതികരണവും നിത്യജീവന്റെ പ്രത്യാശയുമാണു അതിനു കാരണങ്ങൾ. പീഡകരും ക്രൂരരുമായ ഒരു സമൂഹത്തിന്റെ ഹൃദയഭാഗത്തു ആയിരുന്നതിനാൽ വ്യത്യസ്തമായി ജീവിക്കുവാൻ പൗലൊസ് അവരെ ഉപദേശിച്ചു. “ഈ ലോകത്തിനു അനുരൂപമാകാതെ നന്മയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്നു തിരിച്ചറിയേണ്ടതിനു മനസ്സു പുതുക്കി രൂപാന്തരപ്പെടുവിൻ” (റോമർ 12:2).

**യേശുവിന്റെ അനുയായി ആയി ഇന്നു നിങ്ങളുടെ സമൂഹത്തിൽ നന്നായി ജീവിക്കുവാനും സ്നേഹിക്കുവാനും സഹായമാകേണ്ടതിനു ഏതെല്ലാം മനോഭാവങ്ങളെയും പരിചയങ്ങളെയും നിങ്ങൾ ചെറുക്കേണ്ടിയിരിക്കുന്നു?**

**വ്യാഴം** **ഓഗസ്റ്റ് 29**

## നീതിമാനായ യാക്കോബ്

യേശുവിന്റെ സഹോദരനായി കരുതപ്പെടുന്ന യാക്കോബ്, പാരമ്പര്യപ്രകാരം, യെരൂശലേമിലെ ആദിമസഭയുടെ ഒരു നായകൻ ആയിത്തീർന്നു. അതുകൂടാതെ യെരൂശലേം കൗൺസിലിന്റെ അദ്ധ്യക്ഷനായി അദ്ദേഹം പ്രവർത്തിക്കുകയും ചെയ്തു (അ.പ്ര. 15; ഗലാ. 1,2 കാണുക). അങ്ങനെ എങ്കിൽ ബൈബിളിൽ ചേർക്കപ്പെട്ടിട്ടുള്ള യാക്കോബിന്റെ പുസ്തകം എഴുതിയതു ഈ യാക്കോബ് ആയിരിക്കും.

യാക്കോബ് എന്നതു അക്കാലത്തു ഒരു സാർവ്വത്രിക നാമം ആയിരുന്നു. ഒരേ വ്യക്തി ആയിരുന്നെങ്കിൽ “നീതിമാനായ യാക്കോബ്” എന്നറിയപ്പെടുന്ന സഭാനേതാവ് അദ്ദേഹം ആയിരിക്കണം. മറ്റുള്ളവരോടുള്ള തന്റെ പെരു

മാറ്റം വേണ്ടവിധം മുൻഗണനയുള്ളതും, പലപ്പോഴും അവഗണിക്കപ്പെട്ടവരെയും അടിച്ചമർത്തപ്പെട്ടവരെയും അദ്ദേഹം നന്നായി പരിരക്ഷിച്ചിരുന്നു എന്നതു മാണ്, അതുകൊണ്ടു വിവക്ഷിക്കപ്പെടുന്നത്. അദ്ദേഹത്തിന്റെ പേരിലുള്ള പുസ്തകം "പുതിയനിയമത്തിന്റെ സദൃശവാക്യങ്ങൾ" എന്നാണു അറിയപ്പെടുന്നത്. ദൈവത്തിന്റെ അനുയായികൾ എന്ന നിലയിൽ, പ്രായോഗിക ദൈവികത യിലും വിവേകത്തോടെ ജീവിക്കുന്നതിലും ഊന്നിയതാണു ഈ പുസ്തകം. "വചനം കേൾക്കുക മാത്രം പോരാ, അങ്ങനെ സ്വയം വഞ്ചിക്കരുത്. അതു പറയുന്നതുപോലെ ചെയ്യുക" (1:22). ദൈവദൃഷ്ടിയിൽ ശുദ്ധവും നില നിൽക്കുന്നതുമായ ശരിയായ മതം, ദരിദ്രരെയും പീഡിതരെയും പരിരക്ഷി ക്കുന്നതിലും അവരുടെ ചുറ്റുമുള്ള വഷളാക്കുന്ന സ്വാധീനങ്ങളെ ചെറുക്കു ന്നതിലും ശ്രദ്ധിക്കുന്നതാണ് (യാക്കോബ് 1:27 കാണുക).

**യാക്കോബ് 2:1–9; 5:1–5 വായിക്കുക. ധനികരോടുള്ള യാക്കോബിന്റെ മനോഭാവം അധികം സമൂഹങ്ങളിലും പൊതുവായി നിലനിൽക്കുന്ന തിൽനിന്നു എങ്ങനെ വ്യത്യസ്തം ആയിരിക്കുന്നു? സഭയ്ക്കുള്ളിൽ ധനി കരും ദരിദ്രരും പരിഗണിക്കപ്പെടേണ്ടതിനുള്ള യാക്കോബിന്റെ കൃത്യ മായ നിർദ്ദേശങ്ങൾ എന്തൊക്കെയാണ്?**

തണുപ്പുകൊണ്ടും വിശപ്പുകൊണ്ടും കഷ്ടപ്പെടുന്നവർക്കു നന്മ ആശം സിക്കുന്നതുകൊണ്ടു – ദൈവാനുഗ്രഹങ്ങൾ ആശംസിക്കുന്നതു ആയാലും – അവർക്കു ആശ്വാസം ഉണ്ടാകില്ല എന്നു യാക്കോബ് വാദിക്കുന്നു. യഥാർത്ഥ മായി ഭക്ഷണവും വസ്ത്രവും നൽകുന്നതു, നമ്മുടെ സകല കുലീന ആദർശ ങ്ങളെക്കാളും നല്ല ആശംസകളെക്കാളും, നമ്മുടെ കരുതലിനെ വെളിപ്പെടുത്തു ന്നതിനും പ്രകടിപ്പിക്കുന്നതിനും വളരെ ഏറെ പ്രയോജനം ഉള്ളതാണ് (2:14–16 കാണുക). ദൈവവുമായുള്ള നമ്മുടെ ബന്ധത്തിന്റെ പശ്ചാത്തല ത്തിൽ, വിശ്വാസവും സൽപ്രവൃത്തികളും തമ്മിലുള്ള പ്രതിപ്രവർത്തന ത്തിന്റെ ദൃഷ്ടാന്തമായി യാക്കോബ് ഇതിനെ ഉപയോഗിക്കുന്നു. അയൽക്കാ രനെ നിന്നെപ്പോലെ സ്നേഹിക്കുവാൻ യേശു പഠിപ്പിച്ച കല്പനയെ ദൈനം ദിന ജീവിതത്തിൽ പ്രകടമാക്കുന്നതിനെ യാക്കോബ് ഇവിടെ ആവർത്തി ക്കുന്നു. ദൈവത്തിനും മനുഷ്യർക്കും ചെയ്യുന്ന സേവനങ്ങളിൽ ഇതു ജീവി ക്കപ്പെടുന്നു, രക്ഷ സമ്പാദിക്കുന്നതിനല്ല, യഥാർത്ഥ വിശ്വാസത്തെ കാണി ക്കുവാൻ ആണു.

**ഉപബോധമനസ്സിൽ പോലും, ധനികരെ ദരിദ്രരെക്കാൾ മികച്ചതായി കാണുവാൻ എന്തുകൊണ്ടു അത്ര എളുപ്പം ആകുന്നു?**

**കൂടുതൽ പഠനം:** എലെൻ ജി. വൈറ്റിന്റെ Welfare Ministry, PP. 66, 67 PP. 35-41; The Acts of the Appostles, PP. 335-345 എന്നിവ വായിക്കുക.

"ദുഃഖിതരായി പരീക്ഷിക്കപ്പെട്ടവരുടെ പരിരക്ഷയ്ക്കു പ്രാപ്തമായ ഒരു സഭയെ സ്ഥാപിക്കുവാൻ രക്ഷകൻ തന്റെ വിലപ്പെട്ട ജീവൻ നൽകി. വിശ്വാസികളുടെ ഒരു സംഘം ചിലപ്പോൾ നിർധനരും, വിദ്യാവിഹീനരും, അറിയപ്പെടാത്തവരും ആയിരുന്നേക്കാം; എന്നിരുന്നാലും ക്രിസ്തുവിലൂടെ അവർ ഭവനത്തിലും അയൽവീടുകളിലും സഭയിലും സമീപപ്രദേശങ്ങളിലും ഒരു വേല ചെയ്തെന്നു വരാം. അവയുടെ ഫലമാകട്ടെ നിത്യതപോലെ ദൂരവ്യാപകം ആയിരിക്കും" (The Desire of Ages, P. 640).

"സ്വാർത്ഥരഹിതമായ ഉദാരത ആദിമ സഭയെ ആനന്ദ നിർവൃതിയിലാക്കി. ഇരുട്ടിൽ ആയിരിക്കുന്നവർക്കു സുവിശേഷദൂതു എത്തിക്കുന്നതിനു തങ്ങളുടെ പ്രയത്നങ്ങൾ സഹായിക്കുന്നു എന്നു വിശ്വാസികൾ തിരിച്ചറിഞ്ഞു. ദൈവകൃപ തങ്ങൾക്കു ലഭിച്ചതു വ്യർത്ഥമായില്ല എന്നു അവരുടെ സന്മനസ്സ് സാക്ഷ്യപ്പെടുത്തി. ആത്മാവിന്റെ നീതീകരണത്തിനല്ലാതെ മറ്റെന്തിനാണു അത്തരം ഉദാരത ഉളവാക്കുവാൻ കഴിയുക? വിശ്വാസികളുടെയും അവിശ്വാസികളുടെയും കണ്ണുകളിൽ അതു കൃപയുടെ അതിശയം ആയിരുന്നു" The Acts of the Appostles, P. 344.

**ചർച്ചയ്ക്കായുള്ള ചോദ്യങ്ങൾ:**

1. നിങ്ങളുടെ സഭാസമൂഹത്തിനു അപ്പൊസ്തല പ്രവൃത്തിയിലെ ആദ്യ അദ്ധ്യായങ്ങളിൽ വിവരിക്കപ്പെട്ടിരിക്കുന്നതുപോലെ ആയിത്തീരുവാൻ എങ്ങനെ സാധിക്കും? ഈ ദിശയിൽ മുന്നേറുന്നതിനു സ്വീകരിക്കാവുന്ന ചില നിർദ്ദേശങ്ങൾ നൽകുക.
2. ദശാംശങ്ങളും വഴിപാടുകളും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ പങ്കിടുന്നതിൽ സഭ ഈ ആഴ്ചയിൽ പഠിച്ച തത്വങ്ങൾ ലോകവ്യാപകമായി ഉപയോഗിക്കുന്നുണ്ട്. ലോകവ്യാപകമായി വരുമാനം പങ്കിടുന്നതിന്റെ പ്രയോജനങ്ങൾ എന്തെല്ലാമാണ്?
3. യഥാർത്ഥമായ, പ്രാവർത്തികമായ വിധം ജീവിക്കുക എന്നതുപോലുള്ള റോമർ 12 ലെ ഉപദേശങ്ങൾ യഥാർത്ഥലോകത്തിൽ നടപ്പിലാകുന്നുണ്ടോ? അതോ അവ നിറംപിടിപ്പിച്ച ഗ്ലാസ്സ് ജനാല പോലെ മാത്രമാണോ?
4. യാക്കോബ് 5:1-5 പഴയനിയമത്തിലെപോലെ പരുക്കനായ മുന്നറിയിപ്പുകൾ നൽകുന്നു. അത്തരം ശക്തമായ പ്രയോഗങ്ങൾ എന്തുകൊണ്ടു യോജിച്ചതും അത്യാവശ്യവും ആയിരിക്കുന്നു?

**സംഗ്രഹം:** യേശുവിന്റെ നിയോഗത്താലും പരിശുദ്ധാത്മാവിന്റെ ശക്തിയാലും ഉത്തേജിതരായി, ശിഷ്യന്മാരും ആദിമ വിശ്വാസികളും യേശുവിന്റെ ദൂതും നിയോഗവും സാദ്ധ്യമായത്ര വ്യാപകമായി പങ്കിടുവാൻ പുറപ്പെട്ടുപോയി. യേശുവിന്റെ ഉപദേശങ്ങളിൽനിന്നും എബ്രായ തിരുവെഴുത്തുകളിൽനിന്നും തത്വങ്ങൾ സ്വീകരിച്ചു ആദിമസഭ ഒരു പുതിയ തരം സമൂഹം ആയിത്തീർന്നു. അവർക്കുണ്ടായിരുന്നതു അവർ ഇല്ലാത്തവരുമായി പങ്കുവച്ചു; അവരുടെ ഇടയിൽ മാത്രമല്ല, അവരുടെ സമൂഹത്തിനു പുറത്തും. ഈ സഭകൾക്കുള്ള ലേഖനങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്ന അവരുടെ മാതൃക കൊണ്ടും ഉപദേശങ്ങൾക്കൊണ്ടും, ആദിമ ക്രിസ്തീയ നായകന്മാർ, പ്രത്യേകിച്ചും ആവശ്യത്തിലിരിക്കുന്നവരുടെ കാര്യത്തിൽ വിശ്വസ്തരായും സേവനതല്പരരായും ജീവിക്കുന്നതിനു നിർബ്ബന്ധിച്ചു.

***